(സി) കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ പൗൾട്രി വികസന കോർപ്പറേഷന് ലഭിച്ച കേന്ദ്ര സഹായം ഇപ്രകാരമാണ്:

| വർഷം | പദ്ധതി | ചെലവഴിച്ച തുക | |
|---|---|---|---|
| 2003-04 | സ്റ്റെപ്പ്-2003 | 33.75 | ലക്ഷം |
| | സ്റ്റെപ്പ്-2005 | 57.67 | ,, |
| 2004-05 | സ്റ്റെപ്പ്-2003 | 89.325 | ,, |
| | സ്റ്റെപ്പ്-2005 | 51.13 | ,, |
| | എസ്. ജി. എസ്. വൈ. | 405.60 | ,, |
| 2005-06 | ഇല്ല | ഇല്ല | |
| 2006-07 | ഇല്ല | ഇല്ല | |
| 2007-08 | സ്റ്റെപ്പ്-2003 | 14.845 | ,, |

(ഡി) പൗൾട്രി വികസന കോർപ്പറേഷൻ വയനാട് ജില്ലയിൽ നടപ്പിലാക്കി വരുന്ന ആർ. എസ്. വി. വൈ. പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം 79138 കോഴികളും 128.42 മെട്രിക് ടൺ കോഴിത്തീറ്റയും സൗജന്യ നിരക്കിൽ വിതരണം ചെയ്തു. ഇതു കൂടാതെ ഗുണഭോക്താക്കൾക്ക് രണ്ട് ദിവസത്തെ സൗജന്യ പരിശീലനവും നൽകി.

(ഇ) പൗൾട്രി വികസന കോർപ്പറേഷൻ നടപ്പു വർഷം വയനാട് ജില്ലയിൽ ഇതേ പദ്ധതിയുടെ ബാക്കി വിതരണം പൂർത്തിയാക്കുന്നതാണ്. കൂടാതെ മാനന്തവാടി ബ്ലോക്കിൽ എസ്. ജി. എസ്. വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 800 വനിതകൾക്ക്, ഒരാൾക്ക് 20 കോഴികളും ഒരു കോഴിക്കൂടും 40 കിലോ തീറ്റയും 2 ദിവസത്തെ സൗജന്യ പരിശീലനവും നല്കുന്നതാണ്.

## പത്താം പഞ്ചവത്സരപദ്ധതിയിൽ മൃഗസംരക്ഷണവകുപ്പിന്റെ പ്രവർത്തനം

123 [5056] **ശ്രീ. എം. വി. ശ്രേയാംസ് കുമാർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം പഞ്ചവത്സരപദ്ധതി കാലയളവിൽ മൃഗസംരക്ഷണവകുപ്പിനായി വകയിരുത്തിയ തുക, ചെലവഴിച്ചതുക എന്നിവയുടെ വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പത്താം പഞ്ചവത്സരപദ്ധതി കാലയളവിൽ പദ്ധതിയിതരയിനത്തിൽ മൃഗസംരക്ഷണവകുപ്പിന് വകയിരുത്തിയ തുക, ചെലവഴിച്ച തുക-എന്നിവയുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) പത്താം പഞ്ചവത്സര പദ്ധതിക്കാലത്ത് പദ്ധതിയിനത്തിൽ വയനാട് ജില്ലയിൽ മൃഗസംരക്ഷണവകുപ്പ് ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) പ്ലാൻ (രൂപ ലക്ഷത്തിൽ):

| വർഷം | വിഹിതം | ചെലവ് |
|---|---|---|
| 2002-03 | 3857.50 | 2359.83 |
| 2003-04 | 4071.50 | 2484.57 |
| 2004-05 | 3928.75 | 3202.93 |
| 2005-06 | 5100.00 | 4461.94 |
| 2006-07 | 6246.19 | 3864.17 |

(ബി) പദ്ധതിയിതരയിനം (രൂപ ലക്ഷത്തിൽ):

| വർഷം | വിഹിതം | ചെലവ് |
|---|---|---|
| 2002-03 | 7253.87 | 5423.47 |
| 2003-04 | 7885.87 | 7557.40 |
| 2004-05 | 9155.65 | 7557.40 |
| 2005-06 | 8820.12 | 8503.62 |
| 2006-07 | 10984.28 | 10771.43 |

(സി) പദ്ധതിയിനം:

| വർഷം | വിഹിതം | ചെലവ് |
|---|---|---|
| 2002-03 | 52,42,000 | 52,42,000 രൂപ |
| 2003-04 | 5,25,000 | 5,25,000 " |
| 2004-05 | 2,30,000 | 2,30,000 " |
| 2005-06 | 22,46,625 | 22,46,625 " |
| 2006-07 | 19,04,000 | 19,04,000 " |

2/422/2010—23.

LIBRARY ARCHIVES Kerala Legislative Assembly